എം.ഇസഡ് (കെ) 2216/2022

മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 15/9/2022

## ക്വട്ടേഷൻ നോട്ടീസ്

മ്യൂസിയം മൃഗശാല വകുപ്പിൽ തിരുവനന്തപുരം മൃഗശാലയിൽ മൃഗശാല സ്റ്റോറിൽ നിന്നും ഭക്ഷണ സാധനങ്ങൾ മൃഗങ്ങളുടെ കൂടുകളിലേയ്ക്ക് എത്തിക്കുന്നതിനും, മൃഗശാലയിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും വേണ്ടി ഡ്രൈവർ ഇല്ലാതെ എൽഎംവി ഗണത്തിൽപ്പെട്ട long body ഉള്ള വാഹനം ഡീസൽ ഉൾപ്പെടെ (മഹേന്ദ്ര, ബോലേറോ, ദോസ്ത് പ്ലസ്, എയ്സ്) എന്നിവ സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് ദിവസ വാടകയ്ക്ക് വാഹനം നൽകാൻ താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വാഹനത്തിന്റെ റിപ്പയറിംഗ് വാഹന ഉടമ നടത്തേണ്ടതാണ്. വാഹനം 5 വർഷത്തിനുള്ളിൽ പഴക്കമുള്ളതായിരിക്കണം.

ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് *തിരുവനന്തപുരം മൃഗശാലയിലെ ആവശ്യങ്ങൾക്കായി ദിവസ വാടകയ്ക്ക് വാഹനം നൽകുന്നതിനുള്ള ക്വട്ടേഷൻ* എന്ന് രേഖപ്പെടുത്തി 22/9/2022 ന് ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് മുൻപായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 മണിയ്ക്ക് അവ സമർപ്പിച്ചവരുടെയോ, അവർ രേഖാമൂലം ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത വ്യക്തി /സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നതുമാണ്. ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ തുറക്കുന്നതായിരിക്കും. ക്വട്ടേഷനോടൊപ്പം ഒരു തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. ക്വട്ടേഷൻ കാരണം കൂടാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

(മ്യൂസിയം മൃഗശാല വകുപ്പ് — കേരള സർക്കാർ seal)

Sobhali

**ഡയറക്ടർ ഇൻ ചാർജ്ജ്**

നോട്ടീസ് ബോർഡ്